കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ അവിടേക്ക് മാറ്റുന്നതിനും 27-3-2010-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ ഗ്യാലറികൾ സജ്ജീകരിക്കുന്നതിന് 13,10,000 രൂപയും, ദേവസ്വം ബോർഡിന്റെ പൈതൃക ഗ്യാലറി സജ്ജീകരിക്കുന്നതിന് 6,15,000 രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

(സി & ഡി) പ്രസ്തുത കെട്ടിടത്തിൽ ദേവസ്വം ബോർഡ് നടത്തിക്കൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ പൂർത്തിയായാൽ ഉടൻതന്നെ മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്.

ജവഹർ ബാലഭവനിലെ നിയമനം

104 (2115) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജവഹർ ബാലഭവൻ എന്ന സ്ഥാപനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലികക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചു വിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 ബാലഭവനുകൾ താഴെപ്പറയുന്ന വർഷങ്ങളിൽ ആരംഭിച്ചു.

തിരുവനന്തപുരം 1970 ജൂലൈ 25

കൊല്ലം -1973

കോട്ടയം -1966

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ -1975

തൃശ്ശൂർ -1991

(ബി) 1-6-2005-ൽ ബാലഭവനുകളിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

തിരുവനന്തപുരം -49

സ്ഥിരം 32, താൽക്കാലികം-17

കൊല്ലം -25

സ്ഥിരം -22, താൽക്കാലികം- 3

കോട്ടയം -19

സ്ഥിരം -19, താൽക്കാലികം ഇല്ല

ആലപ്പുഴ -18

സ്ഥിരം -14, താൽക്കാലികം 4

തൃശ്ശൂർ -13

സ്ഥിരം -11, താൽക്കാലികം -2

(സി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന നാല് നിയമന രീതികളാണുള്ളത്.

1. പ്രമോഷനിലൂടെയുള്ള നിയമനം.

2. നേരിട്ടുള്ള നിയമനം.

3. മറ്റു സർവ്വീസുകളിൽ നിന്നുള്ള കടമെടുക്കൽ

4. നിശ്ചിത കാലത്തേക്കുള്ള കരാർ നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ഉദ്യോഗാർത്ഥികൾ ലഭ്യമല്ല എന്നുള്ള സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുകയാണെങ്കിൽ പത്രപ്പരസ്യംവഴി ഇന്റർവ്യൂ നടത്തി മാനേജിംഗ് കമ്മിറ്റിയാണ് നേരിട്ടുള്ള നിയമനങ്ങൾ നടത്തേണ്ടത്.

(ഡി) തിരുവനന്തപുരം - ആരെയും പിരിച്ചു വിട്ടിട്ടില്ല.

രണ്ടു പേരെ നിയമിച്ചു.

കൊല്ലം - ആരെയും പിരിച്ചു വിട്ടിട്ടില്ല.

നാലു പേരെ നിയമിച്ചു.

കോട്ടയം - ആരെയും പിരിച്ചു വിടുകയോ പുതുതായി നിയമിക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ -ആരെയും പിരിച്ചു വിട്ടിട്ടില്ല.

ആറു പേരെ നിയമിച്ചു.

തൃശ്ശൂർ -ആരെയും പിരിച്ചു വിട്ടിട്ടില്ല.

സ്ഥിര നിയമനം നടത്തിയിട്ടില്ല.

(ഇ&എഫ്) ബാവഭവനുകളിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പി.എസ്.സി.യുടെ അനുമതി ആവശ്യമില്ല.

(ജി) 31-12-2010-ൽ ബാലഭവനുകളിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കാണിച്ചിരിക്കുന്നു :

തിരുവനന്തപുരം	..	44
കൊല്ലം	..	25
കോട്ടയം	..	19
ആലപ്പുഴ	..	19
തൃശ്ശൂർ	..	23

സാംസ്ക്കാരിക സ്ഥാപനങ്ങളിലെ അനധികൃത നിയമനം

105 (2116) ശ്രീ.സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കിക്കൊണ്ട് സർക്കാർ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) സർക്കാർ ഉത്തരവിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ സ്ഥിരമായോ താൽക്കാലികമായോ, കരാർ അടിസ്ഥാനത്തിലോ എത്ര പേർക്കാണ് നിയമനം നൽകിയത്, വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; എത്ര കേസ്സുകളാണ് ഉണ്ടായിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കിക്കൊണ്ട് 18-8-1999-ലെ ജി.ഒ. (പി) 35/99/സി.എ.ഡി. പ്രകാരമാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly